# പന്ത്രണ്ടുകാരിക്ക് ഇരട്ട അവയവമാറ്റ ശസ്ത്രക്രിയ നടത്തി

**തൃപ്പൂണിത്തുറ**

മലപ്പുറം സ്വദേശിയായ പന്ത്രണ്ടുകാരിയിൽ ഇരട്ട അവയവമാറ്റ ശസ്ത്രക്രിയ വിജയകരമാക്കി വിപിഎസ് ലേക്ഷോർ ആശുപത്രി. വൃക്കയും കരളുമാണ് ഒരേസമയം മാറ്റിവച്ചത്. 2021 ജൂലൈയിലാണ് വൃക്കകളുടെ രോഗം കണ്ടെത്തിയത്. ഡയാലിസിസ് ആരംഭിച്ചെങ്കിലും ബുദ്ധിമുട്ടായതോടെ ലേക്ഷോർ ആശുപത്രിയിലേക്ക് മാറ്റി.

പ്രൈമറി ഹൈപ്പെറോക്സലൂറിയ ടൈപ്പ് 2 എന്ന രോഗമാണ് ബാധിച്ചതെന്ന് പരിശോധനയിൽ കണ്ടെത്തി. 20 മണിക്കൂർനീണ്ട ശസ്ത്രക്രിയയിലൂടെയാണ് കരൾഭാഗവും കിഡ്നിയും കുട്ടിക്ക് മാറ്റിവച്ചത്. മാർച്ച് ഒമ്പതിനാണ് യൂറോളജി വിഭാഗം തലവൻ ജോർജ് പി എബ്രഹാം, കോംപ്രിഹെൻസീവ് ലിവർ കെയർ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ അഭിഷേക് യാദവ് എന്നിവരുടെ നേതൃത്വത്തിൽ ട്രാൻസ്പ്ലാന്റ് അനസ്തേഷ്യ ഹെഡ് നവനീതൻ സുബ്രമണ്യൻ, ഡോ. മോഹൻ മാത്യു, ഡോ. ഡാട്സൺ ജോർജ് പി, ഡോ. ജിതിൻ എസ് കുമാർ, ഡോ. ജോൺ മാത്യു, ഡോ. മഹേഷ് സുബ്രഹ്മണ്യൻ, ഡോ. ഉത്കർഷ് ഷാ, ഡോ. മായ പീതാംബരൻ, ഡോ. അരുൺ എന്നിവരുൾപ്പെട്ട സംഘമാണ് ശസ്ത്രക്രിയ നടത്തിയത്. മൂന്നാഴ്ച്ചയ്ക്കുശേഷം രോഗിയെ ഡിസ്ചാർജ് ചെയ്തു. ആരോഗ്യനില സാധാരണഗതിയിലായെന്ന് ഡോക്ടർമാർ പറഞ്ഞു.

ദേശാഭിമാ